**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവനന്തപുരം വികസന അതോറിറ്റി - Trivandrum Medical College Area Development Scheme - മെഡിക്കൽ കോളേജ് സബ് സെന്റർ വികസനത്തിനായി ഏറ്റെടുത്ത Late ദേവയാനിയുടെ സ്ഥലത്തിന് പകരമായി ഇപ്പോൾ ഭൂമി അനുവദിക്കണമെന്ന ടിയാളുടെ മകൻ ശ്രീ.കെ.രാജന്റെ അപേക്ഷ നിരസിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ.) വകുപ്പ്**

**സ.ഉ.(സാധാ) നം.1433/2020/ത.സ്വ.ഭ.വ** Dated,Thiruvananthapuram, 01/08/2020

---

Read 1 നോട്ടിഫിക്കേഷൻ സ.ഉ.(എം.എസ്) നം.261/76/എൽ.എ&എസ്.ഡബ്ല്യൂ.ഡി തീയതി 27.10.1976 (S.R.O. No.1119/76 തീയതി 03/11/1976.

2 ട്രിഡ കാര്യനിർവ്വാഹക സമിതിയുടെ 22.09.1990 ലെ 5- ാം നം. തീരുമാനം.

3 സ.ഉ(സാധാ) നം.4450/92/എൽ.എ.ഡി. തീയതി 12.08.1992.

4 സ.ഉ.(സാധാ) നം.1665/94/എൽ.എ.ഡി. തീയതി 18.04.1994.

5 ശ്രീ.കെ.രാജന്റെ സഹോദരനായ Late കെ.ശശിധരൻ ഫയൽ ചെയ്തിരുന്ന ഒ.പി.നം.6627/93 ൽ ബഹു. ഹൈക്കോടതിയുടെ 13.03.1996-ലെ വിധിന്യായം.

6 ട്രിഡ കാര്യനിർവ്വാഹക സമിതിയുടെ 16.05.1996 - ലെ 1- ാം നം.നമ്പർ തീരുമാനം.

7 ട്രിഡ സെക്രട്ടറിയുടെ 07.06.1996-ലെ എസ്1-2647/93/ട്രിഡ നമ്പർ നടപടിക്രമം.

8 സ.ഉ. (സാധാ) നം.830/2007/ത.സ്വ.ഭ.വ. തീയതി 17.03.2007.

9 ശ്രീ.കെ.രാജന്റെ വിവിധ വകുപ്പുകളിൽ സമർപ്പിച്ച നിവേദനങ്ങൾ.

10 ട്രിഡ സെക്രട്ടറിയുടെ 13.06.2018-ലെ എസ്1/586/1985/ട്രിഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം 'Trivandrum Medical College Area Development Scheme'-ന് സർക്കാർ അംഗീകാരം നൽകി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. അന്ന് നിലവിലുണ്ടായിരുന്ന Trivandrum Town Planning Trust [The successor- in- interest of the Trivandrum Town Planning Trust is Thiruvananthapuram Development Authority (TRIDA)]-നെ ആയിരുന്നു പ്രസ്തുത സ്കീം നടപ്പിലാക്കാനായി ചുമതലപ്പെടുത്തിയിരുന്നത്. പ്രസ്തുത സ്കീം പ്രകാരം

മടത്തുവിളാകം വില്ലേജിലെ 183, 184, 185, 186, 187, 196, 197, 198, 201 എന്നീ സർവ്വേ നമ്പരുകളിലുള്ള 2.59 ഹെക്ടർ സ്ഥലം മെഡിക്കൽ കോളേജ് സബ് സെന്റർ വികസനത്തിനായി ഏറ്റെടുക്കുന്നതിന് വിഭാവനം ചെയ്തിരുന്നു. ശ്രീ.കെ.രാജന്റെ മാതാവ് Late ദേവയാനിയുടെ ഉടമസ്ഥതയിൽ മടത്തുവിളാകം വില്ലേജിൽ സർവ്വേ നം.186/9-ൽ പെട്ട സ്ഥലവും ഇതിൽ ഉൾപ്പെട്ടിരുന്നു.

2. 1982-ൽ നടന്ന പ്രസ്തുത ലാന്റ് അക്വിസിഷൻ നടപടിയ്ക്കെതിരെ ദേവയാനിയും അനന്തരാവകാശികളും ഒന്നിലധികം കേസുകൾ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്നു. തുടർന്ന് ഏറ്റെടുത്ത ഭൂമിക്ക് പകരമായി ശ്രീമതി.ദേവയാനിയ്ക്ക് മടത്തുവിളാകം വില്ലേജിലെ സർവ്വേ നം.183/3-ൽ മെഡിക്കൽ കോളേജ് സബ് സെന്റർ പ്രോജക്ട് ഏരിയയിൽ ഉൾപ്പെട്ട 14 സെന്റ് സ്ഥലം താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിയ്ക്കുന്നതിന് പരാമർശം (3) പ്രകാരം ടിഡയ്ക്ക് അനുമതി നൽകി.

i. The O.P.No.5387/84 filed by the petitioner before Hon'ble High Court is to be withdrawn.
ii. The land value fixed by Thiruvananthapuram Development Authority must be accepted without demur. i.e. the value of the land is not negotiable.
iii. A joint application should be filed before Thiruvananthapuram Development Authority by each and every member of the petitioner's family who have legal right and interest in the land in Sy.No.183 and 186 of Madathuvilakom Village, acquired by TRIDA.

എന്നാൽ പ്രസ്തുത ഉത്തരവിലെ നിർദ്ദേശ പ്രകാരം ജോയിന്റ് ആപ്ലിക്കേഷൻ ഫയൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാതെ ടിഡയുടെ ഭൂമി ഏറ്റെടുക്കൽ നടപടികളെ challenge ചെയ്തുകൊണ്ട് ദേവയാനിയുടെ മകനും ശ്രീ.കെ.രാജന്റെ സഹോദരനുമായ ശ്രീ.കെ.ശശിധരൻ ബഹു,ഹൈക്കോടതി മുൻപാകെ O.P.No.6627/93 ഫയൽ ചെയ്യുകയാണ് ഉണ്ടായത്.

3. ശ്രീ.കെ.ശശിധരൻ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത O.P.No.6627/93 നമ്പർ കേസിന്റെ പരാമർശം (5)-ലെ വിധിന്യായത്തിന്റെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

"......I therefore dispose of this Original Petition by declining the prayer for quashing Exp.P1 (Notice u/s 3 of the Land Acquisition Act) and all proceedings pursuant there to and declining all the other reliefs sought for and by directing the 2nd respondent (TRIDA) to inform to the petitioner, the market value of the land to be paid by the

petitioner for the land referred to in the order Ext.P10 (G.O.(Rt)No.4450/92/LAD dated 12.08.92, wherein sanction was accorded to TRIDA for allotment of 14 cents of land to Smt.Devayani from Sy.No.183/3 of Madathuvilakam village included in the Medical College Sub Centre Project Area subject to certain conditions) and if the Petitioner satisfied the conditions of Ext.P10 order and deposits the market value of the land intimated by the Development Authority <u>within one month of such intimation</u> to convey or allot the said extend of the property to the Petitioner or to any of the members of the family as per the consent to be executed by all the members of the family. If the Petitioner, his mother or any other member of the family fails to deposit the market value so intimated by the Development Authority and also to produce the consent statement contemplated by Ext.P10 and fulfill the other conditions stipulated, within one month as fixed above, the Development Authority will not be bound to act in terms of Ext.P10 any more and would be free to utilize the land for any public purpose it thinks fit."

4. പരാമർശം (3) സർക്കാർ ഉത്തരവിന്റെയും O.P.No.6627/93-ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ പരാമർ ശം (5)-ലെ വിധിന്യായത്തിന്റെയും അടിസ്ഥാനത്തിൽ 16/05/1996-ൽ ചേർന്ന ട്രിഡ എക്സിക്യൂട്ടീവ് കമ്മിറ്റി ടിയാൾക്ക് മടത്തുവിളാകം വില്ലേജിലെ സർവ്വെ നം.183/3-ലുള്ള 14 സെന്റ് സ്ഥലം അനുവദിക്കുന്നതിന് താഴെപ്പറയും പ്രകാരം ഭൂമി വില നിശ്ചയിച്ചു.

- Acquisition cost of land in Sy.No. 186/9 in 1982 - Rs.15,600/- p.c.
- Development Cost - Rs.3,900/-
- Total - Rs.19,500/- p.c.
- Present cost considering compound interest @15% - Rs.1,40,000/-

അതിൻപ്രകാരം 14 സെന്റ് സ്ഥലത്തിന് മൊത്തം ₹ 19,60,000/- രൂപ ഒരു മാസത്തിനകം അടവാക്കുന്നതിനായി ട്രിഡ സെക്രട്ടറി പരാമർശം (7) പ്രകാരം ശ്രീമതി ദേവയാനിക്ക് അറിയിപ്പ് നൽകി. എന്നാൽ ദേവയാനിയോ അനന്തരാവകാശികളോ തുക അടയ്ക്കാൻ സമയബന്ധിതമായി നടപടി സ്വീകരിക്കാഞ്ഞതിനാൽ ട്രിഡ നിർദ്ദിഷ്ട 'Trivandrum Medical College Area Development Scheme' നടപ്പാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോയി. ഇപ്പോൾ Late ദേവയാനിയുടെ മകനായ ശ്രീ.കെ.രാജൻ

മേല്പറഞ്ഞ പ്രകാരം ഏറ്റെടുത്ത ഭൂമിക്ക് പകരമായി ഭൂമി കണ്ടെത്തി നല്കണമെന്ന് പരാമർശം (9) പ്രകാരം വിവിധ സർക്കാർ വകുപ്പുകളിൽ നിരവധി അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രസ്തുത വിധിന്യായത്തിൽ പെറ്റീഷണർ, ടിയാന്റെ മാതാവ് അല്ലെങ്കിൽ കുടുംബത്തിലെ മറ്റ് അംഗങ്ങൾ സ്ഥലത്തിന്റെ മാർക്കറ്റ് വാല്യൂ ഒരു മാസത്തിനുള്ളിൽ അടയ്ക്കുന്നതിൽ പരാജയപ്പെട്ടാൽ ട്രിഡയ്ക്ക് അക്വയർ ചെയ്ത ഭൂമി ഉപയോഗിക്കുന്നതിന് പൂർണ്ണ സ്വാതന്ത്ര്യം ഉള്ളതായി ബഹു.ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്. ബഹു.ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മടത്തുവിളാകം വില്ലേജിലെ സർവ്വെ നം. 183/3 ൽ പ്പെട്ട 1 4 സെന്റ് സ്ഥലം ശ്രീ.രാജന്റെ അമ്മയായ ശ്രീമതി. ദേവയാനിയ്ക്ക് 19,60,000/- രൂപയ്ക്ക് (സെന്റിന് 1,40,000/- രൂപ നിരക്കിൽ) അനുവദിച്ചു നല്കുന്നതിന് ട്രിഡ തീരുമാനിക്കുകയും പരാമർശം (7) പ്രകാരം അറിയിപ്പ് നൽകുകയും ചെയ്തിരുന്നുവെങ്കിലും തുക അടയ്ക്കുന്നതിന് സമയ ബന്ധിതമായി ശ്രീ.രാജനോ കുടുംബാംഗങ്ങളോ ആരും തന്നെ നടപടി സ്വീകരിച്ചില്ല. അതിനാൽ ടി കോടതി വിധിയിലെ നിർദ്ദേശ പ്രകാരം ട്രിഡ നിർദ്ദിഷ്ട മെഡിക്കൽ കോളേജ് സബ് സെന്റർ വികസനത്തിനുള്ള പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുകയാണ് ചെയ്തിട്ടുള്ളത്. L a t e ദേവയാനിയ്ക്ക് ശ്രീ.കെ.രാജനെ കൂടാതെ മറ്റ് നിയമപരമായ അവകാശികളും ഉള്ളതാണ്. നിയമപരമായ അവകാശികൾ എല്ലാവരും ചേർന്ന് ഒരു ജോയിന്റ് ആപ്ലിക്കേഷൻ TRIDA-യിൽ സമർപ്പിക്കണമെന്ന് പരാമർ ശം (3) ഉത്തരവിൽ (Ext.P10) വ്യക്തമാക്കിയിരുന്നെങ്കിലും സർ ക്കാരോ ട്രിഡയോ ബഹു.ഹൈക്കോടതിയോ നൽകിയ നിർദ്ദേശങ്ങളൊന്നും ദേവയാനിയോ അനന്തരാവകാശികളോ പാലിച്ചിട്ടില്ല. പ്രസ്തുത വിധിന്യായത്തിൽ ഭൂമി മടക്കി കിട്ടുന്നതിന് പെറ്റീഷണർക്ക് നിയമപരമായ അവകാശമില്ലെന്ന് ബഹു.ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം നിബന്ധനകൾക്ക് വിധേയമാക്കി ശ്രീമതി ദേവയാനിക്ക് 14 സെന്റ് ഭൂമി നൽകാൻ തീരുമാനിച്ചിട്ടുള്ളത് ഒരു ആനുകൂല്യമാണെന്ന് ബഹു.ഹൈക്കോടതി വ്യക്തമാക്കിയിട്ടുമുണ്ട്. ടി വിധിന്യായം നടപ്പിലാക്കുന്നതിന് ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ള സമയ പരിധി അവസാനിച്ചിട്ടുള്ള സാഹചര്യത്തിൽ Late ദേവയാനിയുടെ അനന്തരാവകാശികൾക്ക് ഭൂമി നല്കാൻ ട്രിഡയ്ക്ക് ബാദ്ധ്യതയുമില്ല. അതിനാൽ, തിരുവനന്തപുരം മെഡിക്കൽ കോളേജ് സബ് സെന്റർ വികസനത്തിനായി 1982-ൽ പാസ്സാക്കിയ അവാർഡ് പ്രകാരം ഏറ്റെടുത്ത ഭൂമിക്ക് പകരമായി ഇപ്പോൾ ഭൂമി അനുവദിക്കണമെന്ന ശ്രീ.കെ.രാജന്റെ ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

(By order of the Governor)

**മിനി മോൾ ഡി**

**ജോയിന്റ് സെക്രട്ടറി**

To:

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി

ശ്രീ.കെ.രാജൻ, പൂന്തോപ്പിൽ ഹൗസ്, റ്റി.സി 2/521, മടത്തുവിള ലെയിൻ, മെഡിക്കൽ കോളേജ് .പി.ഒ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് (ഫയൽ നം.ഡവ.എ3/20186/17)

വിജിലൻസ് (ഡി) വകുപ്പ് (18/10/2019-ലെ വിജി-ഡി1/79/2017വിജി പ്രകാരം )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ജി.എസ്.എസ്.എ./ഇ.ആർ.എസ്.എ.) കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ